## 422

യേശുവേ രക്ഷാദായക നിന്റെ സന്നിധേവരുന്നു
എന്റെ പാപഭാരവുമായ് വല്ലഭായേകൂ രക്ഷയേ-

1 ഉന്നതി വെടിഞ്ഞവനേ മന്നിൽ താണുവന്നവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ജീവനേ തന്നത്-

2 പാപം ചെയ്തിടാത്തവനേ പരിക്ഷീണനായവനേ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ ദാഹിച്ചു കേണത്-

3 ശാപരോഗമേറ്റവനേ പാപമായി തീർന്നവനെ
എനിക്കായിട്ടല്ലയോ ക്രൂശിങ്കൽ പാടുകൾ ഏറ്റത്-

4 എന്റെ പാപം നീ വഹിച്ചു എന്റെ ശാപം നീക്കി മുറ്റും
നിനക്കായിട്ടെന്നെന്നും ഞാനിനി ജീവിക്കും നിശ്ചയം-